"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ലയിലെ വളയം യു.പി. സ്കൂളിലെ പാർട്ട് ടൈം സംസ്കൃതം അദ്ധ്യാപകനായ ശ്രീ. കെ.കെ. രാഗേഷ് സർക്കാരിലേക്ക് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.6137/2025/GEDN തീയതി,തിരുവനന്തപുരം, 02-09-2025

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ വളയം യു.പി. സ്കൂളിലെ പാർട്ട് ടൈം സംസ്കൃതം അദ്ധ്യാപകനായ ശ്രീ. കെ.കെ. രാഗേഷ് സർക്കാരിലേക്ക് സമർപ്പിച്ച 22-06-2021-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.05.2022-ലെ ജി2/5556/2021/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള വളയം യു.പി. സ്കൂളിലെ പി.ടി. സംസ്കൃതം അധ്യാപകനായിരുന്ന ശ്രീ.വിജയൻ.ഇ. വിരമിച്ച ഒഴിവിലേക്കുള്ള ശ്രീ.കെ.കെ. രാഗേഷിന്റെ 01/06/2009 മുതലുള്ള പാർട്ട്ടൈം അദ്ധ്യാപക നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) റിവിഷൻ ഹർജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള വളയം യു. പി. സ്കൂളിലെ പി.ടി. സംസ്കൃതം അധ്യാപകനായിരുന്ന ശ്രീ.വിജയൻ ഇ. വിരമിച്ച ഒഴിവിൽ മാനേജർ ടിയാനെ നിയമക്കുകയുണ്ടായി. 17/08/2005 തീയതിയിലെ ജി.ഒ.(പി)നം.317/05, ഉത്തരവ് പ്രകാരം ഈ കാലയളവിൽ നിയമന നിരോധനം നിലവിലുണ്ടായിരുന്നതിനാൽ ശ്രീ.രാഗേഷ്.കെ.കെ. യുടെ നിയമനം നാദാപുരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പ്രസ്തുത സ്കൂളിൽ നിലനിന്നിരുന്ന സംസ്കൃതം തസ്തിക, പഠനം നടത്തി വന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നതിനാൽ നഷ്ടമാവുകയും സംസ്കൃതം അധ്യപകനായിരുന്ന ശ്രീ.ഇ.വിജയന് സംരക്ഷണം നൽകി ചെറുകുന്ന് ഗവൺമെന്റ് യു.പി. സ്കൂളിൽ പുനർ വിന്യസിക്കപ്പെട്ടുകയുമാണ് ചെയ്തത്. 2008-09 വർഷം ആറാം പ്രവൃത്തി ദിന കണക്കുപ്രകാരം സംസ്കൃത വിഭാഗത്തിൽ 5, 6, 7 ക്ലാസ്സുകളിൽ യഥാക്രമം 15, 11, 5 ആകെ 31 കുട്ടികൾ ഉണ്ടായിരുന്നു.

| ക്ലാസ്സ് | I | II | III | IV | V | VI | VII | ആകെ |
|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | - | - | - | - | 15 | 11 | 5 | 31 |

3) 2008-09 വർഷം ടി സ്കൂളിൽ പാർട്ട് ടൈം സംസ്കൃതം തസ്തിക അനുവദിക്കാനുള്ള വിദ്യാർത്ഥികൾ 6-ാം പ്രവൃത്തി ദിന കണക്ക് പ്രകാരം ലഭ്യമായിരുന്നു. നിയമന നിരോധനം നിലനിന്നിരുന്നതിനാലാണ് ടി കാലയളവിൽ സംസ്കൃതം വിഭാഗത്തിൽ പുതുതായി തസ്തിക അനുവദിക്കാതിരുന്നത്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതിനാലും നിയമന നിരോധനം നിലവിലുള്ളതുകൊണ്ടും നിയമനം നിരസിക്കപ്പെട്ട ശമ്പളം ലഭിക്കാതെ ജോലി ചെയ്ത് വരുന്ന അധ്യാപകർക്കായി സർക്കാർ ജി.ഒ(പി) 199/11/പൊ.വി, തീയ്യതി 01/10/2011, ജി.ഒ(പി) 205/11, തീയ്യതി 07/10/2011 എന്നീ ഉത്തരവുകളിലൂടെ അധ്യാപക ബാങ്ക് ഏർപ്പെടുത്തുകയും പ്രസ്തുത നിയമനം അംഗീകരിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാഗേഷ് കെ. കെ. യുടെ നിയമനാംഗീകാര അപേക്ഷ മാനേജർ 20/10/2011 തീയ്യതിയിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുന:സമർപ്പിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/12/2011 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുന്ന അധ്യാപകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ടി ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകരുടെ നിയമനം 01/06/2011 തിയ്യതി മുതൽ അംഗീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ശ്രീ. രാഗേഷ് കെ.കെ. കോഴിക്കോട് ജില്ലയിലെ അധ്യാപകരുടെ ലിസ്റ്റിൽ ക്രമ നം. 7 ആയി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത അധ്യാപകൻ 01/06/2009 മുതൽ വളയം യു. പി. സ്കൂളിൽ പാർട്ട് ടൈം സംസ്കൃതം അദ്ധ്യാപകൻ ആയി ജോലി ചെയ്തു വന്നുവെങ്കിലും ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെട്ട എല്ലാ അധ്യാപകർക്കും 01/06/2011 മുതൽ നിയമനം നൽകാനാണ് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. രാഗേഷ് കെ.കെ. യുടെ നിയമനം 01/06/2011 മുതൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയത്. ഈ സ്കൂളിലെ സംസ്കൃതം തസ്തിക പാർട്ട് ടൈം ആയിട്ടാണ് തുടർന്നു വരുന്നത് എന്നും 2016 മുതൽ ഫുൾ ടൈം ബെനിഫിറ്റ് നൽകിയിട്ടുണ്ടെന്നും ടി പാക്കേജിൽ ഉൾപ്പെട്ടു നിയമനാംഗീകാരം ലഭിച്ച അധ്യാപകരുടെ മുൻകാല സേവനം അംഗീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ സർക്കാർ ഉത്തരവുകൾ ലഭ്യമല്ല എന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള വളയം യു.പി. സ്കൂളിലെ ശ്രീ. കെ.കെ. രാഗേഷിന്റെ 01/06/2009 മുതലുള്ള നിയമനം പാർട്ട് ടൈം സംസ്കൃതം അധിക തസ്തികയിലായതിനാൽ, മറ്റ് എല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, നിലവിൽ സുപ്രീം കോടതിയിലും, ഹൈക്കോടതിയിലും നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി, G.O.(P)No.10/10/G.Edn ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചതായി കണക്കാക്കി, നിയമന തീയതി മുതൽ നിയമനം അംഗീകരിച്ച് നൽകാവുന്നതാണെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ. കെ.കെ. രാഗേഷ് സർക്കാരിലേക്ക് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നാദാപുരം.

മാനേജർ, വളയം യു.പി. സ്കൂൾ, കോഴിക്കോട്.

ശ്രീ.രാഗേഷ് കെ.കെ, പാർട്ട് ടൈം സംസ്കൃതം അദ്ധ്യാപകൻ, വളയം യു.പി. സ്കൂൾ, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Pradeep Kumar. C. O

സെക്ഷൻ ഓഫീസർ

Date: 08-09-2025 10:26:36